On.09/12/21

22/11/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

# ഹർജി നമ്പർ **CP No.720(6)/2020**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*11123/എസ്.ഐ.സി-ജി 5/2020*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രാധാകൃഷ്ണൻ,
ശ്രീമുരുകാ വിഹാർ,
കേരളപുരം, ഞെട്ടയിൽ,
പെരുമ്പുഴ പി.ഒ., കൊല്ലം } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ഡയറക്ടർ,
പിന്നോക്ക വിഭാഗ വികസന വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
അയ്യൻകാളി ഭവൻ, കനകനഗർ,
വെള്ളയമ്പലം, കവടിയാർ പി.ഒ.,
തിരുവനന്തപുരം-695 003 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11.02.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 20.02.2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 10.10.2020 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 27.10.2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.01.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 09.02.2021 |
| ഹിയറിംഗ് തീയതി | 16.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. രാധാകൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ വിവരങ്ങൾ നിഷേധിച്ചുകൊണ്ടുള്ള മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വ്യക്തവും കൃത്യവുമായ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഹർജിക്കാരൻ 11.02.2020 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, ഹർജിക്കാരന്റെ മകൻ അനന്തുകൃഷ്ണന് ഒ.ഇ.സി. ആനുകൂല്യത്തിന് അർഹതയുണ്ടോ എന്നും ആനുകൂല്യം നിഷേധിക്കത്തക്ക രീതിയിലുള്ള ഏതെങ്കിലും സർക്കുലർ നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ സർക്കുലറിന്റെ കോപ്പി നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി 20.02.2020 ൽ അറിയിച്ചത്, ചോദ്യരൂപേണയുള്ള അപേക്ഷകൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 19.02.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജികക്ഷിയുടെ മകൻ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യത്തിനായി പട്ടികജാതി വികസന വകുപ്പിൽ സമർപ്പിച്ച അപേക്ഷ ഡി4-6134/19 നമ്പരായ കത്ത് പ്രകാരം കൊല്ലം ജില്ലാ പട്ടികജാതി വികസന ആഫീസർ കാര്യകാരണ സഹിതം നിരസിച്ചിരുന്നുവെന്നും ആയത് സംബന്ധിച്ച 6 ചോദ്യങ്ങളും വിവരാവകാശ നിയമ പ്രകാരം 'വിവരം' എന്ന സംജ്ഞയിൽ വരുന്നവയല്ല ടിയാൻ ആരാഞ്ഞതെന്നും ടി സാഹചര്യത്തിലാണ് ടി ആഫീസിൽ നിന്നും സമയപരിധിക്കുള്ളിൽ ടിയാന് മറുപടി നൽകിയതെന്നും പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ

സ്വീകരിക്കുന്നതും പരിശോധന നടത്തി അംഗീകാരവും തുകയും നൽകുന്നതും പട്ടികജാതി വികസന വകുപ്പിന്റെ ജില്ലാതല ആഫീസുകളിൽ നിന്നാണെന്നും ടിയാന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ (സ.ഉ.(അച്ചടി) നം.50/2009/പജപവവിവ തീയതി 2.07.2009) പകർപ്പ് ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 11.02.2020 തീയതിയിലെ വിവരാവകാശ അപേക്ഷ എതിർകക്ഷി 20.02.2020 ൽ ഹർജിക്കാരന് വിവരം നിഷേധിച്ചുകൊണ്ടുളള മറുപടി ലഭ്യമാക്കിയതായി കാണുന്നു. ഹിയറിംഗിൽ എതിർകക്ഷി മൊഴി രേഖപ്പെടുത്തിയത്, 50/2009.ജി.ഒ. പ്രകാരമാണ് ആനുകൂല്യങ്ങൾ നൽകുന്നതെന്നും സംസ്ഥാനത്തിനകത്ത് സെൽഫ് ഫിനാൻസിംഗ് സ്ഥാപനത്തിൽ പഠിക്കുന്നതിന് നൽകാൻ കഴിയുമെന്നും സംസ്ഥാനത്തിന് പുറത്ത് കേന്ദ്ര സ്ഥാപനത്തിലെ കുട്ടികൾക്കാണ് ടി ആനുകൂല്യം നൽകുന്നതെന്നും സംസ്ഥാനത്തിന് പുറത്ത് സെൽഫ് ഫിനാൻസ് സ്ഥാപനത്തിന് മാത്രമല്ല സ്റ്റേറ്റ് ഗവൺമെന്റ് സ്ഥാപനമായാലും ആനുകൂല്യം നൽകില്ലെന്നുമാണ്. അപേക്ഷകന്റെ മകന് ആൾ ഇന്ത്യാ ക്വാട്ടയിലാണ് BHMS ന് കന്യാകുമാരിയിൽ പ്രവേശനം ലഭിച്ചത് എങ്കിലും സംസ്ഥാനത്തിന് പുറത്തായതിനാൽ ടിയാന് സെൽഫ് ഫിനാൻസിംഗ് സ്ഥാപനത്തിന് നൽകുന്ന പ്രസ്തുത ആനുകൂല്യം ലഭിക്കുവാൻ കഴിയുകയില്ല എന്നാണ് ഹിയറിംഗിൽ പങ്കെടുത്ത ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സിദ്ധാർത്ഥൻ തന്റെ മൊഴിയിൽ പറഞ്ഞിട്ടുളളത്. അപേക്ഷകന്റെ വിവരാവകാശ അപേക്ഷക്ക് ഒന്നാം എതിർകക്ഷി 20.02.2020 ൽ നൽകിയ മറുപടി ഒട്ടും തന്നെ അംഗീകരിക്കാൻ കഴിയുന്നതല്ല. വിവരം നൽകാൻ കഴിയുന്നതല്ല എങ്കിൽ എന്തുകൊണ്ട് എന്നത് വിശദമാക്കേണ്ടതുണ്ട്. പ്രസ്തുത മറുപടിയിൽ അപ്രകാരം വ്യക്തതയില്ല. മാത്രവുമല്ല മറുപടി തൃപ്തികരമല്ലെങ്കിൽ അപേക്ഷകൻ അപ്പീൽ സമർപ്പിക്കേണ്ടത് ഏത് അധികാരിയുടെ മുന്നിലാണെന്നും ആ സ്ഥാപനത്തിന്റെ മേൽ വിലാസം അപ്പീൽ നൽകേണ്ട കാലാവധി ഇവയൊന്നും തന്നെ ആയതിൽ കാണിച്ചിട്ടില്ല. ഒന്നാം എതിരകക്ഷിയുടെ പ്രസ്തുത നടപടി ഗുരുതരമായ

വീഴ്ചയായി കമ്മീഷൻ കാണുന്നു. മേലിൽ ഇത്തരം വീഴ്ച ആവർത്തിക്കുവാൻ പാടില്ല എന്നു ഒന്നാം എതിർകക്ഷിയെ ശക്തമായി താക്കീതു ചെയ്യുന്നു. പരാതി ഹർജിക്കാരന് 6(1) മുറപടി തൃപ്തികരമല്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാമായിരുന്നു എന്ന് കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp